**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5585 — 18.11.2019 ൽ മറുപടിക്ക്

## കാരുണ്യ പദ്ധതിയും ആയുഷ്മാൻ ഭാരത് പദ്ധതിയും

| ചോദ്യം<br><br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും ആയുഷ്മാൻ ഭാരത് പദ്ധതിയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളിൽ വ്യത്യാസം ഉണ്ടെങ്കിൽ എങ്ങനെയാണ് ഇത് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | ആയുഷ്മാൻ ഭാരത് പദ്ധതിയിൽ (PMJAY) കേന്ദ്ര സർക്കാർ നിഷ്കർഷിച്ച ദുർബല വിഭാഗം ജനങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നത് ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്കായി പ്രീമിയം തുകയുടെ ഒരു വിഹിതം കേന്ദ്ര സർക്കാർ വഹിക്കും. നിലവിൽ 31 മാർച്ച്, 2019-ൽ സാധുതയുള്ള ആർ എസ് ബി വൈ കാർഡ് ഉള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011 പ്രകാരം ദുർബല വിഭാഗമായി തെരഞ്ഞെടുത്തവർക്കും മാത്രമാണ് കേന്ദ്ര വിഹിതം ലഭിക്കുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 31 മാർച്ച് 2019 -ൽ സാധുതയുള്ള ചിസ് കാർഡ് കൈവശം ഉള്ളവർക്ക് സംസ്ഥാന സർക്കാർ പ്രീമിയം തുക മുഴുവനായും വഹിച്ചു പദ്ധതിയിൽ അംഗങ്ങളാകും. നിലവിലെ ആർ എസ് ബി വൈ, ചിസ് പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ സർക്കാർ കാലാകാലങ്ങളായി ഉൾപ്പെടുത്തിയ സംസ്ഥാനത്തെ ദുർബല വിഭാഗം ജനങ്ങളാകുന്നു. |

Hari
സെക്ഷൻ ഓഫീസർ